DESPATCHED
On..11/06/2020
12/05/2020



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.1368(*7)/2013*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.9198/എസ്.ഐ.സി-ജി 6/13
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.പി.ശശിധരൻ**
**കളപ്പുരയിൽ**
**എം.ജി.യൂണിവേഴ്സിറ്റി സബ് സെന്ററിന് സമീപം**
**ചുട്ടിപ്പാറ, പത്തനംതിട്ട–689 645** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **ഡി.എം.ഒ ഓഫീസ്(ഹെൽത്ത്)**
   **കളക്ടറേറ്റ്**
   **പത്തനംതിട്ട**

2. **അപ്പീൽ അധികാരി**
   **ജില്ലാ മെഡിക്കൽ ഓഫീസ്(ഹെൽത്ത്)**
   **പത്തനംതിട്ട**

} **എതിർകക്ഷികൾ**

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൻമേൽ എസ്.പി.ഐ.ഒ യും അപ്പീൽ അധികാരിയും മറുപടി ലഭ്യമാക്കിയില്ല എന്നും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. 11.02.2013 ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ മറുപടി നൽകിയില്ലെന്നും കാണിച്ച് ഹർജിക്കാരൻ 03.04.2013 ൽ അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിക്കുകയും 15.05.2013 അപ്പീൽ അധികാരി മറുപടി നൽകുകയും ചെയ്തു.

3. അപ്പീൽ അധികാരി കമ്മീഷനിൽ 1302.2020 ൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷ അന്വേഷണത്തിനായി ജില്ലാ

മെഡിക്കൽ ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റിന് കൈമാറുകയും, 30.04.2012 ൽ ടിയാൻ നൽകിയ റിപ്പോർട്ടിൽ പൊതുജനാരോഗ്യത്തിനെ ബാധിക്കുന്ന തരത്തിലുള്ള ഒരു കുഴപ്പവും ഇല്ലെന്നു മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ നൽകിയ പരാതിയിലെ എതിർകക്ഷിക്കെതിരായി യാതൊരു നടപടിയും എടുത്തില്ലെന്നും ആയതിനാലാണ് ഹർജിക്കാരന് പകർപ്പുകൾ നൽകാത്തതെന്നും, മറുപടി 15.05.2013 ന് ടെക്നിക്കൽ അസിസ്റ്റന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകിയെന്നും മറുപടിയുടെ പകർപ്പ് ഹാജരാക്കുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടില്ലെന്ന് കമ്മീഷൻ നിരീക്ഷിക്കുകയും ആയത് ഗുരുതരമായ കുറ്റമായി വിലയിരുത്തുകയും മേലിൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കരുതെന്ന കർശന താക്കീത് നൽകുകയും മറുപടികൾ നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നുകണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2020 മേയ് 12–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)